# കേരകർഷകനുമാകാം ലക്ഷാധിപതി





നീര ടാപ്പ് ചെയ്യുന്നു

**നീര ടാപ്പ് ചെയ്യാൻ അനുവദിച്ചാൽ ഒരു തെങ്ങിൽ നിന്ന് മാസംതോറും 1500 രൂപ വരെ സമ്പാദിക്കാം.**



*ടി.കെ.ജോസ് ഐ.എ.എസ്*

തെങ്ങ് ഒരു കല്പവൃക്ഷമാണെന്ന് പാഠപുസ്തകത്തിൽ പഠിച്ച മലയാളി അതിന്റെ വൻ സാധ്യതകളെക്കുറിച്ചറിയുന്നത് അടുത്തകാലത്താണ്. കറിക്കരയ്ക്കാൻ തേങ്ങയും കുടിക്കാൻ ഇളനീരും വിറകിന് മടലും മാത്രമായി ഉപയോഗിക്കുന്ന രീതി മാറിയിരിക്കുന്നു. വെറുതെ കളയുന്ന തേങ്ങാവെള്ളം ഉപയോഗിച്ച് സോഡയുണ്ടാക്കി പത്തു രൂപയ്ക്ക് വിൽക്കുന്ന കുടുംബശ്രീ യൂണിറ്റുകൾ കോഴിക്കോട്ടുണ്ട്. തേങ്ങയ്ക്ക് വില കുറഞ്ഞാലും 'ഇള' എന്നു പേരിട്ട ഈ സോഡയ്ക്ക് വില കുറയുന്നില്ല. തേങ്ങാവെള്ളം കൊണ്ടും നീര ഉപയോഗിച്ചും വിനാഗിരി നിർമ്മിക്കാം. ചിരട്ട കൊണ്ട് കപ്പുണ്ടാക്കി ഐസ്ക്രീമിന് നൽകുന്നവരുണ്ട്. ഒരു ചിരട്ടയ്ക്ക് ഒരു രൂപ കിട്ടും. ചിരട്ടയിൽ ഷെല്ലുകൾ ഒട്ടിച്ചുചേർത്ത് മനോഹരമായ പക്ഷിക്കൂടുണ്ടാക്കി യൂറോപ്പിലേക്ക് കയറ്റി അയക്കുന്ന യൂണിറ്റും കൊച്ചിയിലുണ്ട്. മനോഹരമായ ഈ കൂടിന് വില 32 രൂപയാണ്. ചകിരി കൊണ്ടുള്ള ഉല്പന്നങ്ങൾ വേറെയും. തേങ്ങയ്ക്കു പുറമെ തെങ്ങിൽ നിന്ന് ഇത്രയും സംഭവങ്ങൾ സൃഷ്ടിക്കാം. ഈ സാഹചര്യത്തിലാണ് നീരയുടെ കടന്നുവരവ്. ഒരു ലിറ്റർ നീര ടാപ്പ് ചെയ്യാൻ അനുവദിച്ചാൽ ഒരു തെങ്ങിൽ നിന്ന് മാസംതോറും 1500 രൂപ വരെ സമ്പാദിക്കാം. ഒരാൾക്ക് പത്ത് തെങ്ങുണ്ടെങ്കിൽ മാസം 15000 രൂപ. ഇതുകൊണ്ട് തേങ്ങ ഒട്ടും കുറയുന്നുമില്ല. പ്രത്യേക സാഹചര്യങ്ങളിൽ ഒരു തെങ്ങിൽനിന്ന് പത്തുലിറ്റർ നീര വരെ ടാപ്പ് ചെയ്യാൻ കഴിയും. നീര നൽകുന്നതു വഴി മാസം അമ്പതിനായിരവും ഒരുലക്ഷവും സമ്പാദിക്കുന്ന ഒട്ടേറെ കർഷകർ കേരളത്തിലുണ്ട്. ലിറ്ററിന്റെ അളവ് കൂടുന്നതിനനുസരിച്ച് വരുമാനത്തിന്റെ തോതും ഉയരും. കൊച്ചിയിലെ നാളികേര വികസന ബോർഡാണ് നീരയ്ക്കുവേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന് നേതൃത്വം നൽകുന്നതാവട്ടെ ചെയർമാൻ ടി.കെ.ജോസ് ഐ.എ.എസും.

## ചാർജ് ഓഫീസർമാരും ഫോൺ നമ്പറും

| | |
|---|---|
| തിരുവനന്തപുരം (മീരാചന്ദ്രൻ) | -94472 49848 |
| കൊല്ലം, പാലക്കാട് (രശ്മി) | – 94464 84014 |
| ആലപ്പുഴ (സുനിത) | -82813 91496 |
| പത്തനംതിട്ട (ജോർജ് പീറ്റർ) | -99462 55915 |
| ഇടുക്കി (പ്രമോദ്.പി.കുര്യൻ) | -94460 67354 |
| എറണാകുളം (ലീനമോൾ) | -94478 18993 |
| തൃശൂർ (സാജൻ.ടി.വർഗീസ്) | -94470 03454 |
| കോട്ടയം, മലപ്പുറം (സെബാസ്റ്റ്യൻ) | -94462 11460 |
| കോഴിക്കോട്, വയനാട് (മൃദുല) | -99469 47725 |
| കണ്ണൂർ (സുഭാഷ്) | -94471 91594 |
| കാസർഗോഡ് (വസന്തകുമാർ) | -98478 20345 |

### കർഷകർ ചെയ്യേണ്ടത്

നീര ടാപ്പ് ചെയ്യണമെങ്കിൽ കർഷകൻ ആദ്യം കേരകർഷക കൂട്ടായ്മയിൽ അംഗമാകണം. അതിന് ഒരു കർഷകന് മിനിമം പത്ത് തെങ്ങെങ്കിലും വേണം. ഇത്തരം നാൽപ്പതു മുതൽ നൂറുവരെ കർഷകർ ചേർന്നാൽ ഒരു സി.പി.എസ് (കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി) രൂപീകരിക്കാം. പതിനഞ്ചു മുതൽ ഇരുപതുവരെ സി.പി.എസ് ചേർന്നാൽ ഒരു ഫെഡറേഷനായി. ഈ ഫെഡറേഷന് മാത്രമേ നീര ടാപ്പ് ചെയ്യാനുള്ള ലൈസൻസുള്ളൂ. ഇക്കാര്യത്തിൽ കർഷകരെ സഹായിക്കാൻ നാളികേര വികസന ബോർഡ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചാർജ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സി.പി.എസ് രൂപീകരിക്കാൻ അവർ നാളികേര കർഷകരെ സഹായിക്കും. കേരളത്തിൽ 360 ൽപരം ഫെഡറേഷനുകളാണ് ഇപ്പോൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

-സ്റ്റാഫ് പ്രതിനിധി



## നീരയുടെ ഔഷധഗുണങ്ങൾ

വിരിയാത്ത തെങ്ങിൻപൂക്കുലയിൽനിന്ന് ചെത്തിയെടുക്കുന്ന, മദ്യത്തിന്റെ അംശമില്ലാത്ത പോഷകസമൃദ്ധമായ പ്രകൃതിദത്ത പാനീയമാണ് നീര. മനുഷ്യന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്ന അമിനോ അമ്ലങ്ങളുടെയും വിറ്റാമിൻ, കാൽസ്യം, ഇരുമ്പ്, പൊട്ടാസ്യം, സിങ്ക്, ഫോസ്ഫറസ് തുടങ്ങിയ ധാതുലവണങ്ങളുടെയും കലവറയാണിത്. കൂടാതെ പ്രോട്ടീൻ നിർമ്മാണത്തിനാവശ്യമായ ഗ്ലൂട്ടാമിക് അമ്ലവും ഉയർന്ന അളവിൽ നീരയിൽ അടങ്ങിയിരിക്കുന്നു.

കരിക്കിൻവെള്ളം പോലെതന്നെ നീരയും മൂത്രതടസ്സത്തിനും മൂത്രാശയരോഗങ്ങൾക്കും ഔഷധമാണ്. കൂടാതെ ശരീരത്തിലെ ജലാംശം നഷ്ടപ്പെടുന്നത് തടയുകയും ചെയ്യും.അമിതമായ വയറിളക്കം മൂലം ശരീരത്തിൽ നിന്നും ജലാംശം നഷ്ടപ്പെടുന്ന അവസ്ഥയിൽ നീര കുടിക്കുന്നത് നല്ലതാണ്. മലബന്ധം തടയാനും മലശോധന സുഗമമാക്കാനും സഹായിക്കും. അതിനാൽ പൈൽസ് രോഗികൾക്കും ഇത് ഫലപ്രദമാണ്. ആസ്ത്മ, ക്ഷയം, ശ്വാസംമുട്ടൽ എന്നീ രോഗങ്ങൾക്ക് ഔഷധമായും നീര ശിപാർശ ചെയ്യപ്പെടുന്നു.

ഗർഭിണികൾ നീര കഴിച്ചാൽ കുട്ടികൾക്ക് നല്ല നിറവും ആരോഗ്യവും കിട്ടുമെന്ന് വിശ്വാസമുണ്ട്. വിറ്റാമിൻ, ഇരുമ്പ് എന്നിവയുടെ അഭാവം പരിഹരിക്കുന്നതിനുള്ള ഫുഡ് സപ്ലിമെന്റായും നീര ഉപയോഗിക്കും. നീരയുടെ വിവിധങ്ങളായ ഔഷധഗുണങ്ങൾ കണക്കാക്കി കരളിന്റെ ടോണിക്കെന്നും വിശേഷിപ്പിക്കുന്നുണ്ട്. നേത്രരോഗികൾക്കും എക്സിമ തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കും ഉപയോഗിക്കുന്ന ഇനോസിറ്റോൾ നീരയിൽ ധാരാളമായി അടങ്ങിയിരിക്കുന്നു. നാളികേര വികസന ബോർഡിന്റെ കീഴിലുള്ള കമ്പനികളാണ് നീര വിപണിയിലെത്തിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ബോർഡ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484 2377267